ഹദീസ്

സി.പി മുസമ്മിൽ, കണ്ണൂർ

# തർക്കം അരുത്; സംവാദം ആവാം

عَنْ عَائِشَةَ رَضِيَ اللَّهُ عَنْهَا قَالَتْ قَالَ رَسُول الله صَلَّى اللَّهُ عَلَيْهِ
وَسَلَّمَ: إِنَّ أَبْغَضَ الرِّجَالِ إِلَى اللَّهِ الأَلَدُّ الخَصِمُ (متفق عليه)

**ആഇശ(റ)യിൽ നിന്ന്. നബി (സ) പറഞ്ഞു: തീർച്ചയായും അല്ലാഹുവിന് ഏറ്റം വെറുക്കപ്പെട്ട വിഭാഗം കുതർക്കികളാണ് (ബുഖാരി, മുസ്‌ലിം).**

സംവാദത്തെയാണ് ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നത്. പരസ്പരം അറിയാനും മനസ്സിലാക്കാനും ഉപകരിക്കുന്ന ആശയവിനിമയോപാധിയാണ് സംവാദം. എന്നാൽ തർക്കം ജയിക്കാനും തോൽപിക്കാനും വേണ്ടിയാണ്. അത് കൊണ്ടെത്തിക്കുന്നത് കിടമത്സരത്തിലേക്കും വിദ്വേഷത്തിലേക്കും മാത്രമാണ്.

ഇസ്‌ലാം വിലക്കിയതാണ് കളവുപറയലും തെറിയഭിഷേകവും. തർക്കത്തിന്റെ സ്വാഭാവിക പരിണതിയാണവ. രണ്ടും കപടന്മാരുടെ വിശേഷണങ്ങളുമാണെന്ന് നബി(സ) താക്കീത് ചെയ്തിട്ടുണ്ട്. തർക്കത്തിൽ തന്റെ പ്രതിയോഗിയെ അടിച്ചിരുത്താനും തന്റെ വാദമുഖങ്ങൾ സമർഥിക്കാനും സകലമാന അടവുകളും അവൻ പയറ്റും. ഉത്തരം മുട്ടിയാൽ കൊഞ്ഞനം കുത്തും. 'അവരുടെ സംസാരം വശ്യമായിരിക്കും. ഇടക്കിടെ അല്ലാഹുവിനെ സാക്ഷിയാക്കും; പക്ഷേ അവർ കുതർക്കികളാണ്. ഒപ്പം സത്യത്തിന്റെ ബദ്ധവൈരികളും' എന്ന് ഖുർആൻ ഇതിനെ വിലയിരുത്തിയിട്ടുണ്ട് (*അൽബഖറ*: 204). അനാവശ്യവും അനവസരത്തിലുമുള്ള വാഗ്വാദങ്ങളിൽ ഇടപെടരുതെന്നാണ് ഇസ്‌ലാമിന്റെ താൽപര്യം. കൂടുതൽ സംസാരിക്കുന്നതു പോലും ഇസ്‌ലാം നിരുത്സാഹപ്പെടുത്തുന്നു.

തർക്കത്തിന് ഇമാം ഗസ്സാലി (റ) നൽകിയ നിർവചനം ഇപ്രകാരമാണ്: 'അപരന്റെ വാക്കുകളിലെ അക്ഷരത്തിലെയും ആശയത്തിലെയും വിവക്ഷയിലെയും വൈകല്യങ്ങളെ എതിർക്കുകയും വിയോജിക്കുകയും ചെയ്യുന്ന ശീലം.'

മിക്ക തർക്കവിതർക്കങ്ങളിലെയും വിഷയങ്ങൾ നിസ്സാരവും നിരർഥകവുമായിരിക്കും. നബി (സ) പറഞ്ഞു: 'ഒരാളുടെ ഇസ്‌ലാമിന്റെ സൗന്ദര്യമാണ്, താൻ ഇടപെടേണ്ടാത്ത കാര്യങ്ങളിൽനിന്ന് വിട്ടുനിൽക്കുക എന്നത്.' വിശ്വാസികളിലൂടെ ഇസ്‌ലാമിന്റെ മനോഹാരിത പൊതുസമൂഹത്തിന് ദർശിക്കാൻ കഴിയണം. അതിന്റെ ഭംഗിക്ക് ഭംഗം വരുത്തുന്ന ഇടപാടുകളിൽനിന്നെല്ലാം വിശ്വാസികൾ മാറിനിൽക്കുക തന്നെ വേണം.

ഇന്ന് പോരടിക്കുന്നതും താറടിക്കുന്നതും നവ സാമൂഹിക മാധ്യമങ്ങളിലാണ്. മുഖദാവിലും സഭയിലുമല്ലാത്തതുകൊണ്ടു തന്നെ അവിടെ അസഭ്യവും അയുക്തികവുമായ വാദപ്രതിവാദങ്ങളാണ് നടക്കുന്നത്. ഒട്ടും പ്രോത്സാഹജനകമോ പ്രയോജനപ്രദമോ അല്ലതാനും. വിതണ്ഡവാദങ്ങൾ നിരത്തി വിവരദോഷികൾ വിളയാടുന്ന വിളനിലമായി മാറിയിരിക്കുകയാണ് ഇന്ന് സോഷ്യൽ മീഡിയ.

അല്ലാഹുവിന് ഒട്ടും ഇഷ്ടമല്ലാത്ത ഏറ്റവും വെറുക്കപ്പെട്ട വിഭാഗമാണ് തർക്കിക്കുന്നവരെന്നാണ് ഈ ഹദീസ് നമ്മോട് പറയുന്നത്. മറ്റൊരു ഹദീസിൽ ഇങ്ങനെ കാണാം: 'അന്ത്യനാളിൽ എനിക്ക് ഏറ്റവും കോപമുള്ളവരും എന്നിൽനിന്ന് വിദൂരസ്ഥരുമായ ആളുകൾ വായാടികളും കൃത്രിമത്വം കലർത്തി സംസാരിക്കുന്നവരും ആയിരിക്കും' (ബൈഹഖി). എല്ലായിടത്തും പോയി തലയിടരുത്. ഇമാം ഹസൻ ബസ്വരി (റ) പറഞ്ഞു: 'ബുദ്ധിമാന്റെ നാവ് അയാളുടെ ഹൃദയത്തിന് പുറകിൽ ആയിരിക്കും. സംസാരിക്കാൻ ഉദ്ദേശിക്കുമ്പോൾ ഹൃദയത്തോട് അയാൾ സമ്മതം ചോദിക്കും; അനുവദിച്ചാൽ സംസാരിക്കും, അല്ലെങ്കിൽ മിണ്ടാതിരിക്കും. അവിവേകിയുടെ ഹൃദയം അയാളുടെ നാവിൻ തുമ്പിലായിരിക്കും. ഹൃദയത്തിലേക്ക് തിരിഞ്ഞുനോക്കുകയേയില്ല, നാവിലെന്ത് വന്നുവോ അത് പറയും.' തന്റെ വിശ്വാസ പ്രമാണങ്ങൾക്ക് ഒട്ടും നിരക്കുന്നതല്ല ഇത്തരം അനാവശ്യ തർക്കങ്ങളെന്ന് മനസ്സിലാക്കി വിശ്വാസി അവയിൽനിന്നൊക്കെ പൂർണമായി വിട്ടുനിൽക്കണം. ●